പട്ടികസമുദായക്ഷേമ വകുപ്പ് മുഖേനയുള്ള ചികിത്സാ സഹായം

140 (4203) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികസമുദായ ക്ഷേമ വകുപ്പ് മുഖേന മണലൂർ നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് എന്ത് തുകയുടെ ചികിത്സാസഹായം നൽകി എന്നറിയിക്കുമോ ;

(ബി) സഹായം ലഭിച്ചവരുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 338 പേർക്ക് 16,89,600 (പതിനാറ് ലക്ഷത്തി എൺപത്തിയൊമ്പതിനായിരത്തി അറുന്നൂറ് രൂപ) ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ മരുന്ന് വാങ്ങിയതിന്റെ ക്രമക്കേട്

141 (4204) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസിമേഖലയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലേക്ക് മരുന്ന് വാങ്ങിയതുമായി ബന്ധപ്പെട്ടുണ്ടായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധമായി ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ അന്വേഷണമാരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എത്ര രൂപയുടെ മരുന്ന് വാങ്ങിയതു സംബന്ധിച്ചാണ് പരാതി ഉയർന്നിരിക്കുന്നത് ; മരുന്ന് വാങ്ങിയത് നടപടിക്രമങ്ങൾ പാലിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മരുന്ന് വാങ്ങാനുള്ള ചുമതല ഉണ്ടായിരുന്നവർ സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ അനുമതി വാങ്ങിയിരുന്നോ ; ആരോഗ്യവകുപ്പിന്റെ അനുമതി ബന്ധപ്പെട്ടവർ വാങ്ങിയിരുന്നോ ; അടിയന്തര സാഹചര്യം ചൂണ്ടിക്കാട്ടി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നോ ; സ്റ്റോർ പർച്ചേസ് നിയമം പാലിച്ചിരുന്നോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly